(ബി) പ്രസ്തുത ഗവൺമെന്റ് ഉത്തരവ് ശരിവച്ച ഹൈക്കോടതിവിധി പുനഃപരിശോധിക്കാൻ സുപ്രീംകോടതി ഹൈക്കോടതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഈ കേസ് തീർപ്പ് കൽപ്പിക്കുംവരെ ഐ.പി.എസ്സ്.ലേക്കുള്ള പ്രൊമോഷൻ നടപടികൾ നിർത്തിവയ്ക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ആംഡ് റിസർവ്വിൽ നിന്നും ഐ.പി.എസ്.ലഭിച്ച എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ കേരള പോലീസിലുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) രണ്ടുപേർ.

**ഐ. പി.എസ്.പ്രൊമോഷനുമായി ബന്ധപ്പെട്ട ഫയൽ നഷ്ടപ്പെട്ടത് സംബന്ധിച്ച വിജിലൻസ് അന്വേഷണം**

151 (3801) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് ബറ്റാലിയൻ ആംഡ് റിസർവ്വ് വിഭാഗങ്ങളെ ഐ.പി.എസ്സ് പ്രൊമോഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കികൊണ്ടുള്ള ഗവൺമെന്റ് ഉത്തരവിന് ആധാരമായ ഫയൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ;

(ബി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത ഫയൽ നഷ്ടപ്പെട്ടതിനാൽ പുതിയതായിട്ട് റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഫയൽ ബഹു.ഹൈക്കോടതിയുടെ കൈവശമായതിനാൽ പകർപ്പ് ലഭ്യമാക്കുവാൻ നിവൃത്തിയില്ല. പ്രസ്തുത ഫയൽ കോടതിയിൽ നിന്നും ലഭ്യമായാലുടൻ വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly